# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **10.07.2021** മുതൽ **14.07.2021** വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി. 55/2021 | തീയ്യതി: 09/07/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 54.1 | 30.5 – 31.0 | 23.0 – 24.5 | 74 - 96 | 00 - 05 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 10-07-21 | 11-07-21 | 12-07-21 | 13-07-21 | 14-07-21 |
|---|---|---|---|---|---|
| മഴ, മി.മീ | 40 | 40 | 50 | 40 | 40 |
| കൂടിയ താപനില, °C | 32 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില, °C | 23 | 22 | 22 | 22 | 22 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 97 | 97 | 97 | 97 | 97 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത, | 16 | 16 | 18 | 20 | 16 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 290 | 290 | 290 | 290 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | | |
|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **മിതമായ മഴ ലഭിക്കും. ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തിയേറിയ മഴയുണ്ടായേക്കും.** വാഴ, പച്ചക്കറികൾ തുടങ്ങിയ മൃദുകാണ്ഡ വിളകളെ താങ്ങുകൾ നൽകി സംരക്ഷിക്കുക. കാലിത്തീറ്റ, റബ്ബർ, കൊപ്ര എന്നീ ഉത്പന്നങ്ങൾ പൂപ്പൽ ബാധ ഏൽക്കാത്ത വിധം അറകളിൽ തറയിൽ നിന്നും ഉയർന്ന വിതാനങ്ങളിൽ സൂക്ഷിക്കുക. കൃഷിയിടങ്ങളിൽ നല്ല നീര് വാർച്ച ഉറപ്പാക്കുക. | |
| നെല്ല് | പറിച്ചു നടീൽ (കാലവർഷം ലഭ്യമായതിനു ശേഷം മാത്രം നഴ്സറി തയ്യാറാക്കിയ ഇടങ്ങൾ) | ജല നിർഗമന ചാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുക.<br>നടുന്നതിന് മുൻപ് സ്യൂഡോമോണസ് ലായനിയിൽ ഞാറിന്റെവേരുകള് 20 മിനിട്ടു നേരം മുക്കി വെയ്ക്കുന്നത് പൂപ്പൽ രോഗബാധ തടയുന്നതിനും നന്നായി വേരുകൾ വളരുന്നതിനും സഹായകമാകും.<br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം അടിവളമായി ചേർത്ത് കൊടുക്കണം. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനുശേഷം മാത്രമേ പാടുള്ളൂ. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റര് വീതം) 2 മീറ്റര് ചുറ്റളവില് തെങ്ങിന് തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റര് വെള്ളത്തില് എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളില് മണ്ണില് ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിന് പിണ്ണാക്ക്, 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം (അയർ), എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക.<br><br>രോഗം നിലനിൽക്കുന്ന പ്രദേശങ്ങളാണെങ്കിൽ മുൻകരുതലായി എല്ലാ തെങ്ങിനും 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിന് പിണ്ണാക്ക്, 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം (അയർ), എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | പൊള്ളു വണ്ട്<br> | ക്വിനാൽഫോസ് 25 EC രണ്ടു മില്ലി ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിൽ തളിക്കുക |
| വാഴ | കായ തടിക്കുന്ന ഘട്ടം | കായ കരച്ചിൽ<br> | മൂപ്പെത്താത്ത കായകളാണേൽ മാത്രം മാങ്കോസബ് രണ്ടു ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക .<br><br>കുലകൾ ചെറു സുഷിരങ്ങളിട്ട പോളിത്തീൻ ഉപയോഗിച്ച് പൊതിയുക. ഇങ്ങനെ ചെയ്യുന്നത് പക്ഷികളുടെ ആക്രമണത്തിൽ നിന്നും കുലകളെ സംരക്ഷിക്കുന്നതിന് കൂടി സഹായകരമാകും |
| പപ്പായ | വിവിധഘട്ടം | കുറുനാമ്പു രോഗം<br> | രോഗം വന്നവ പൂർണമായും നശിപ്പിക്കുക. ചുറ്റുമുള്ളവക്ക് സാധാരണ വളപ്രയോഗത്തിനു പുറമെ സൂക്ഷ്മ മൂലക മിശ്രിതമായ അയർ ചെടി ഒന്നിന് 100 ഗ്രാം വീതം നൽകുക |

आजादी का अमृत महोत्सव

| | | | |
|---|---|---|---|
| മൃഗ സംരക്ഷണം | വിവിധ ഘട്ടം | മുടന്തൻ പനി<br> | മഴക്കാലത്തിന്റെ ആരംഭത്തിൽ നമ്മുടെ നാട്ടിൽ കന്നുകാലികളിൽ വ്യാപകമായി കാണപ്പെടുന്ന ഒരു വൈറസ് രോഗമാണ് പനി. രക്തം കുടിക്കുന്ന ഈച്ചകളിൽ നിന്നും കൊതുകിൽ നിന്നും വൈറസ് ബാധയുണ്ടാകുന്നു. കിതപ്പ്, പനി, മൂക്കിൽ നിന്നും നീരൊലിപ്പ്, വിറയൽ, തീറ്റയെടുക്കാതിരിക്കൽ കാലുകളിലും കൈകളിലും മാറി മാറിയുള്ള മുടന്ത് എന്നിവയാണ് പ്രധാനപ്പെട്ട രോഗലക്ഷണങ്ങൾ. മൂന്നു ദിവസം രോഗലക്ഷണങ്ങൾ കാണപ്പെടും. പനി, പേശീവേദന എന്നിവ കുറയ്ക്കാനാണ് സാധാരണയായി ചികിത്സ നടത്തുന്നത്. ഒരു കാരണവശാലും നിർബന്ധപൂർവ്വം വെള്ളം കുടിപ്പിക്കാൻ ശ്രമിക്കരുത്. അത് ന്യുമോണിയ വരുത്താൻ സാധ്യതയുണ്ട്.<br><br>ഈച്ചകൾ പെരുകുന്നത് തടയണം. തൊഴുത്തിൽ ശുചിത്വം പാലിക്കണം. വേപ്പെണ്ണ, ഈച്ചകളെ അകറ്റുവാനുള്ള ലായനികൾ എന്നിവ ഉപയോഗിക്കാം.<br><br>രോഗ ലക്ഷണം കാണുകയാണെങ്കിൽ ഉടനെ തന്നെ ഡോക്ടറെ കണ്ട് ചികിത്സ തേടണം. |

ഒപ്പ്/-
നോഡൽ ഓഫീസര്
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി